<u>15 -ാം കേരള നിയമസഭ</u>

<u>2 -ാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1579</u> <u>28-07-2021 - ൽ മറുപടിയ്ക്ക്</u>

<u>ആരോഗ്യ മേഖലയിലെ താൽക്കാലിക ജീവനക്കാരുടെ വേതനം</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. നജീബ് കാന്തപുരം | | **Smt Veena George**<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | സർക്കാർ ആശുപത്രികളിൽ ജോലി ചെയ്യുന്ന ഓരോ വിഭാഗത്തിലെയും താൽക്കാലിക ജീവനക്കാർക്ക് സർക്കാർ നിശ്ചയിച്ച വേതനം എത്രയാണെന്ന് വെളിപ്പെടുത്താമോ; | (എ) | ഓരോ വിഭാഗത്തിനും നിശ്ചയിച്ച വേതനം എല്ലാവർക്കും ഉറപ്പാകുന്നുണ്ട്. 07/01/2010 തീയതിയിലെ സ. ഉ (കൈ) നം. 6/2010/ആ.കു.വ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം ആശുപത്രി വികസന സമിതിയുടെ സാമ്പത്തിക സ്ഥിതി അനുസരിച്ച് വേതനം നൽകുന്നതിനുള്ള നിർദ്ദേശം ഉള്ളതിനാൽ ആശുപത്രി വികസന സമിതി വഴി നിയമിക്കപ്പെടുന്ന ജീവനക്കാർക്ക് സമിതിയുടെ തീരുമാനപ്രകാരമുള്ള വേതനം നൽകി വരുന്നു. ആരോഗ്യ കേരളത്തിന്റെ എക്സിക്യൂട്ടീവ് കമ്മിറ്റിയിൽ എടുത്ത തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ എൻ എച്ച് എം ന് കീഴിൽ ജോലി ചെയ്യുന്ന കരാർ ജീവനക്കാർക്ക് ശമ്പളം നിശ്ചയിക്കുന്നതിനുള്ള ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ട്. ഉത്തരവുകൾ ഇതിനോടൊപ്പം ഉള്ളടക്കം ചെയ്യുന്നു (അനുബന്ധം I). ഇതനുസരിച്ച് എൻ എച്ച് എം ന് കീഴിൽ ജോലി ചെയ്യുന്ന കരാർ ജീവനക്കാർക്ക് വേതനം നൽകിവരുന്നു. കൂടാതെ സർക്കാർ അംഗീകൃത തസ്തികകളിലേക്ക് ദിവസ വേതനാടിസ്ഥാനത്തിൽ നിയമിക്കപ്പെടുന്നവർക്ക് 11.02.2021 തീയതിയിലെ സ.ഉ(പി) നം.29/2021/ധന നമ്പർ സർക്കാർ ഉത്തരവ് പ്രകാരം വേതനം നൽകി വരുന്നു. ആയതിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു. (അനുബന്ധം II). |
| (ബി) | നിശ്ചയിച്ച വേതനം പ്രസ്തുത ജീവനക്കാർക്ക് ലഭ്യമാവുന്നുവെന്ന് സർക്കാർ ഉറപ്പ് വരുത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ അത് ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കാമോ; | (ബി) | ഓരോ വിഭാഗത്തിനും നിശ്ചയിച്ച വേതനം എല്ലാവർക്കും ഉറപ്പാകുന്നുണ്ട്. 07/01/2010 തീയതിയിലെ സ. ഉ (കൈ) നം. 6/2010/ആ.കു.വ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം ആശുപത്രി വികസന സമിതിയുടെ സാമ്പത്തിക സ്ഥിതി അനുസരിച്ച് വേതനം നൽകുന്നതിനുള്ള നിർദ്ദേശം ഉള്ളതിനാൽ ആശുപത്രി വികസന സമിതി വഴി നിയമിക്കപ്പെടുന്ന ജീവനക്കാർക്ക് സമിതിയുടെ തീരുമാനപ്രകാരമുള്ള വേതനം നൽകി വരുന്നു. |

| | | | |
|---|---|---|---|
| | | | ആരോഗ്യ കേരളത്തിന്റെ എക്സിക്യൂട്ടീവ് കമ്മിറ്റിയിൽ എടുത്ത തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ എൻ എച്ച് എം ന് കീഴിൽ ജോലി ചെയ്യുന്ന കരാർ ജീവനക്കാർക്ക് ശമ്പളം നിശ്ചയിക്കുന്നതിനുള്ള ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ട്. ഉത്തരവുകൾ ഇതിനോടൊപ്പം ഉള്ളടക്കം ചെയ്യുന്നു (അനുബന്ധം I). ഇതനുസരിച്ച് എൻ എച്ച് എം ന് കീഴിൽ ജോലി ചെയ്യുന്ന കരാർ ജീവനക്കാർക്ക് വേതനം നൽകിവരുന്നു. കൂടാതെ സർക്കാർ അംഗീകൃത തസ്തികകളിലേക്ക് ദിവസ വേതനാടിസ്ഥാനത്തിൽ നിയമിക്കപ്പെടുന്നവർക്ക് 11.02.2021 തീയതിയിലെ സ.ഉ(പി) നം.29/2021/ ധന നമ്പർ സർക്കാർ ഉത്തരവ് പ്രകാരം വേതനം നൽകി വരുന്നു. ആയതിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു. (അനുബന്ധം II). |
| (സി) | നിപ്പ, പ്രളയം, കോവിഡ് കാലങ്ങളിൽ ആരോഗ്യ രംഗത്ത് സേവനം ചെയ്ത താൽകാലിക ജീവനക്കാർക്ക് എന്തെങ്കിലും പ്രത്യേക അലവൻസ് നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ? | (സി) | നിപ്പയിലും വെള്ളപൊക്കത്തിലും സ്റ്റാഫുകൾക്ക് അലവൻസുകളൊന്നും അനുവദിച്ചിട്ടില്ല. എന്നാൽ കോവിഡ് കാലയളവിൽ സ. ഉ (കൈ) നം. 112/2020/ആ.കു.വ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം എൻ എച്ച് എം ന് കീഴിൽ ജോലി ചെയ്യുന്ന ദിവസ വേതന അടിസ്ഥാനത്തിലും താൽക്കാലിക അടിസ്ഥാനത്തിലുള്ള ജീവനക്കാർക്ക് ഇൻസെന്റീവും റിസ്ക് അലവൻസും നൽകുന്നുണ്ട്. ഇൻസെന്റീവും റിസ്ക് അലവൻസും താഴെ പറയും പ്രകാരമാണ് നൽകുന്നത് നിയമന വിവരം കാറ്റഗറി നിലവിലെ അടിസ്ഥാന വേതനം അംഗീകരിച്ച വേതനവും റിസ്ക് അലവൻസും എൻ.എച്ച്.എം ഗ്രേഡ് 1 നാൽപതിനായിരവും അതിനു മുകളിലും വേതനം ലഭിക്കുന്നവർ അൻപതിനായിരവും 20 ശതമാനവും റിസ്ക് അലവൻസ് എൻ.എച്ച്.എം ഗ്രേഡ് 2 ഇരുപതിനായിരം മുതൽ നാൽപതിനായിരം വരെ 20 ശതമാനം റിസ്ക് അലവൻസ് എൻ.എച്ച്.എം ഗ്രേഡ് 3 പതിമൂന്നായിരത്തിഅഞ്ഞൂറ് മുതൽ ഇരുപതിനായിരം വരെ വേതനം 20000വും 25 ശതമാനവും റിസ്ക് അലവൻസ് എൻ.എച്ച്.എം ഗ്രേഡ് 4 പതിമൂന്നായിരത്തി അഞ്ഞൂറ് രൂപയിൽ താഴെ വേതനം ലഭിക്കുന്നവർ സർക്കാർ ഉത്തരവ് പ്രകാരമുള്ള ദിവസ വേതനവും 30 ശതമാനം റിസ്ക് അലവൻസും |

സെക്ഷൻ ഓഫീസർ